" ഭരണഭാഷ-മാതൃഭാഷ"

13 Feb 2020

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്-ജീവനക്കാര്യം- കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ഓഡിറ്റ് വകുപ്പിന്റെ തിരുവനന്തപുരം ട്രെയിനിംഗ് സെന്ററിലെ ഒരു ജോയിന്റ് ഡയറക്ടർ തസ്തിക കൊല്ലം ക്ഷേമനിധി ഓഡിറ്റ് കാര്യാലയത്തിലേക്കും കൊല്ലം ക്ഷേമനിധി ഓഡിറ്റ് കാര്യാലയത്തിലെ ഒരു സീനിയർ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക തിരുവനന്തപുരം ട്രെയിനിംഗ് സെന്ററിലേക്കും പരസ്പരം മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.1053/2020/ധന** **തീയതി, തിരുവനന്തപുരം, 06/02/2020.**

പരാമർശം :- 1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 04/01/2020 ലെ കെ.എസ്.എ 1/എസ്റ്റാ/2020 നമ്പർ കത്ത്.

**ഉത്തരവ്**

ഓഡിറ്റ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി ഓഡിറ്റ് കാലികമാക്കുന്നതിനു കൊല്ലം ക്ഷേമനിധി ഓഡിറ്റ് കാര്യാലയത്തിന്റെ ചുമതല ഒരു ജോയിന്റ് ഡയറക്ടറെ ഏൽപ്പിക്കുന്നത് അഭികാമ്യമാണെന്നും ആയതിനു അധിക തസ്തിക ആവശ്യമാണെന്നിരിക്കെ അടിയന്തിര പരിഹാരം എന്ന നിലക്കു തിരുവനന്തപുരം ട്രെയിനിംഗ് സെന്ററിലെ ജോയിന്റ് ഡയറക്ടർ തസ്തിക കൊല്ലം ക്ഷേമനിധി ഓഡിറ്റ് കാര്യാലയത്തിലേക്കും ക്ഷേമനിധി ഓഡിറ്റ് കാര്യാലയത്തിലെ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക തിരുവനന്തപുരം ഓഡിറ്റ് ട്രെയിനിംഗ് സെന്ററിലേക്കും പരസ്പരം മാറ്റി അനുവദിക്കണമെന്നും ടി ക്രമീകരണങ്ങൾക്കനുസൃതമായി തിരുവനന്തപുരം ഓഡിറ്റ് ട്രെയിനിംഗ് സെന്ററിലെ ജോയിന്റ് ഡയറക്ടറായ ശ്രീ സതീഷ് ജോണിനെ കൊല്ലം ക്ഷേമനിധി ഓഡിറ്റ് കാര്യാലയത്തിലേക്കും കൊല്ലം ക്ഷേമനിധി ഓഡിറ്റ് കാര്യാലയത്തിലെ സീനിയർ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ അനിൽകുമാർ ബി യെ തിരുവനന്തപുരം ട്രെയിനിങ് സെന്ററിലേക്കും സ്ഥലം മാറ്റി നിയമിക്കണമെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഓഡിറ്റ് വകുപ്പിന്റെ തിരുവനന്തപുരം ട്രെയിനിംഗ് സെന്ററിലെ ഒരു ജോയിന്റ് ഡയറക്ടർ തസ്തിക കൊല്ലം ക്ഷേമനിധി ഓഡിറ്റ് കാര്യാലയത്തിലേക്കും കൊല്ലം ക്ഷേമനിധി ഓഡിറ്റ് കാര്യാലയത്തിലെ ഒരു സീനിയർ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക തിരുവനന്തപുരം ട്രെയിനിംഗ് സെന്ററിലേക്കും പരസ്പരം മാറ്റി ഉത്തരവാകുന്നു. അതോടൊപ്പം, പ്രസ്തുത ക്രമീകരണങ്ങളുടെ ഭാഗമായി തിരുവനന്തപുരം ട്രെയിനിംഗ് സെന്ററിലെ ജോയിന്റ് ഡയറക്ടറായ ശ്രീ സതീഷ് ജോണിനെ കൊല്ലം ക്ഷേമനിധി ഓഡിറ്റ് കാര്യാലയത്തിലേക്കും കൊല്ലം ക്ഷേമനിധി ഓഡിറ്റ് കാര്യാലയത്തിലെ സീനിയർ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ അനിൽകുമാർ ബി യെ തിരുവനന്തപുരം ട്രെയിനിംഗ് സെന്ററിലേക്കും സ്ഥലം മാറ്റി നിയമിച്ചും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ് എസ് എ ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഫയൽ നം.എസ്റ്റാ.ഡി1/71/2019/ധന(ഇ.1422438))

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ